**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 448** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരസംഘങ്ങൾക്കുമേൽ ആദായ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദക മേഖലയിലെ ചെലവ് അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധികമായതിനാലും തദനുസൃതം ഉല്പന്ന വിലവർദ്ധനവ് അപ്രായോഗികമായതിനാലും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപുലീകരണത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുള്ള മിൽമയുടെ ശ്രമങ്ങളെ പാലുല്പന്നങ്ങളുടെമേൽ ജി.എസ്.ടി. ചുമത്തിയ കേന്ദ്ര സർക്കാർ നടപടി എങ്ങനെ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (എ) | കർഷകരുടെ അധികം വരുന്ന പാൽ, ക്ഷീരവികസന വകുപ്പിനു കീഴിലുള്ള ക്ഷീരസംഘങ്ങൾ വഴിയാണ് സഹകരണ ക്ഷീരോല്പാദക മേഖലാ യൂണിയനുകൾ ശേഖരിക്കുന്നത്. സഹകരണ ക്ഷീരോൽപാദക മേഖലാ യൂണിയനുകളുടെ 83% ലാഭവിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നത്. മിൽമയുടെ പാലുൽപ്പന്നങ്ങളുടെ മേൽ ജി.എസ്.ടി ചുമത്തുന്ന നടപടി കർഷക ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. മിൽമ പ്രതിദിനം ഏകദേശം 200000 ലിറ്റർ പാൽ ദിവസേന വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളായി മാറ്റുന്നുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തുമ്പോൾ യൂണിയനുകളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പന കുറയാനിടയുണ്ട്. അത്തരത്തിൽ വിൽപ്പന കുറയുന്നപക്ഷം യൂണിയനുകളുടേയും ലാഭത്തിൽ ഗണ്യമായ കുറവുണ്ടാവുകയും കർഷകർക്കു നൽകി വരുന്ന വിവിധ ആനുകൂല്യങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നതാണ്.<br><br>മൂല്യവർദ്ധിതോല്പന്നങ്ങൾക്ക് ജി.എസ്.ടി.ചുമത്തുമ്പോൾ പാലുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നിർബന്ധിതമാകുന്ന സാഹചര്യം സംജാതമാകും. |
| (ബി) | കേന്ദ്ര സർക്കാർ ക്ഷീരസംഘങ്ങൾക്ക് മേൽ ആദായനികുതി ഏർപ്പെടുത്തിയ കർഷവിരുദ്ധ നടപടി പിൻവലിച്ചിട്ടുണ്ടോ; സംസ്ഥാന ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കാമോ; | (ബി) | പിൻവലിച്ചിട്ടില്ല. ക്ഷീര സംഘങ്ങളെ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | വർദ്ധിച്ച തോതിലുള്ള ഉല്പാദനചെലവ് സംസ്ഥാനത്തെ ക്ഷീരോല്പാദന ലക്ഷ്യത്തെ ദുർബലപ്പെടുത്താതിരിക്കാൻ സർക്കാർ ഏതെല്ലാം തരത്തിലുള്ള ഇടപെടൽ നടത്തുന്നുണ്ടെന്ന് അറിയിക്കാമോ? | (സി) | ക്ഷീരമേഖലയിൽ ഉല്പാദനചെലവ് കുറയ്ക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉല്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. കേരളത്തിൽ ആവശ്യമായ തീറ്റപ്പുല്ലിന്റെ 46% മാത്രമാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്നുള്ളൂ. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയും മൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം 314.77 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു. 2022-23 വർഷം പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകുന്നതിനായി 257 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ 4/-രൂപ വരെയും പാലിന് ഇൻസെന്റീവും നൽകിവരുന്നു.<br><br>ക്ഷീരമേഖലയിൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മിൽമ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം മേഖലായൂണിയൻ കാലിത്തീറ്റ സബ്സിഡി തുടങ്ങി വിവിധങ്ങളായ പദ്ധികൾ നടപ്പിലാക്കിവരുന്നു.<br><br>എറണാകുളം മേഖലായൂണിയൻ വൈക്കോൽ/ സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് എല്ലാ വർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകി വരുന്നു. മേഖലാ യൂണിയൻ വിവിധ സബ്സിഡികൾ, വേനൽക്കാല ഇൻസെൻറീവ് എന്നിവ നൽകി കർഷകനെ സഹായിക്കുന്നുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റകൾ മറ്റ് ബദൽ തീറ്റ വസ്തുക്കൾ എന്നിവ പരമാവധി വില കുറച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി മലബാർ മേഖലാ യൂണിയൻ 4 കോടി രൂപ ഈ സാമ്പത്തിക വർഷം നൽകുന്നതാണ്. മാത്രമല്ല കാലിത്തീറ്റയുടെ വില കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ വർദ്ധിപ്പിച്ചിട്ടില്ല.<br><br>അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവ് ഉണ്ടായപ്പോൾ എല്ലാം തന്നെ ഈ വിലയിൽ നിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിന് അനുസൃതമായി വിലക്കിഴിവ് കേരള ഫീഡ്സ് നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിട്ടും നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/- രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/- രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വിലക്കുറവുണ്ട്. |

സെക്ഷൻ ഓഫീസർ